ശ്രീ. ടി. അബ്ദുറഹ്മാൻ: സബ്സിയിൽ സൂപ്രണ്ടിനു് വീട്ടുവാടക അലവൻസിനുപകരമാണു് കെട്ടിടം കൊടുത്തിട്ടുള്ളതു്. മരിച്ചുപോയ ഒരു എൻ. ജി. ഒ. യുടെ ഭാര്യയ്ക്കും കുടുംബത്തിനും താമസിക്കുന്നതിനു് കപ്പാർട്ടേഴ്സിൽ ഒരു കെട്ടിടവും കൂടെ കൊടുത്തിരുന്നു.

ശ്രീ. ആർ. സുശീലൻ: എം. എൽ. എ. കപ്പാർട്ടേഴ്സിന്റെ വാടകയും ഉദ്യോഗസ്ഥന്മാരുടെ പരിശീലനയുടെ അടിസ്ഥാനത്തിൽ കുറയ്ക്കുമോ?

ശ്രീ. ടി. അബ്ദുറഹ്മാൻ: പ്രതിമാസം മുപ്പതു രൂപയാണു് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നതു്. ഇനിയും കുറയ്ക്കണമെന്നുള്ള ഒരു നിവേദനം കിട്ടിയിട്ടുണ്ടു്. അതു ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ പരിശോധനയിൽ ഇരിക്കുകയാണു്.

ശ്രീ. ആർ. പ്രകാശം: എം. എൽ. എ.-മാരെ ഉദ്യോഗസ്ഥന്മാരായി കണക്കാക്കുമോ?

മി. സ്പീക്കർ: ലജിസ്ലേച്ചർ ഹൗസിംഗ് കമ്മിറ്റി ഈ കാര്യം തീരുമാനിക്കുന്നതാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ശവണ്ണന്റെ കെട്ടിടങ്ങൾക്കു് ഈ തോതു് സ്വീകരിച്ചതു് എന്നാണു്?

ശ്രീ. ടി. അബ്ദുറഹ്മാൻ: കുറെ മുമ്പാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: പതിനഞ്ചു രൂപ ശമ്പളം കിട്ടുന്ന ഉദ്യോഗസ്ഥന്മാർ ഇന്നു് സ്റ്റോറിലുണ്ടോ?

ശ്രീ. ടി. അബ്ദുറഹ്മാൻ: ഇപ്പോൾ ഇല്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നതു് അടുത്തകാലത്തുണ്ടായതല്ലെന്നുള്ള കാര്യം അറിയാമോ?

ശ്രീ. ടി. അബ്ദുറഹ്മാൻ: വളരെ മുൻപേ ശവണ്ണന്റെ കെട്ടിടങ്ങൾ ഉണ്ടു്; അതിൽ താമസിക്കുന്ന ആളുകളുമുണ്ടു്.

കോടതികളുടെ അധികാരാതിർത്തി പുനഃസംവിധാനം

* 1499. [10] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യം നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തുള്ള കോടതികളുടെ അധികാരാതിർത്തി പുനഃസംവിധാനം സംബന്ധിച്ചു് നിയമിക്കപ്പെട്ട കമ്മിഷൻ എന്നു റിപ്പോർട്ടു സമർപ്പിച്ചു;

(ബി) ടി കമ്മിഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെ വെളിച്ചത്തിൽ കോടതികളുടെ അധികാരാതിർത്തി പുനഃസംവിധാനം ചെയ്യാൻ ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു് എന്നത്തേക്കു നടപ്പിൽവരുത്തും?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ):

(എ) 1958 ആഗസ്റ്റു് മാസത്തിൽ.

(ബി) ഉണ്ടു്.

(സി) കഴിയുന്നതും വേഗത്തിൽ നടപ്പിൽ വരുത്തണമെന്നാണു് ശവണ്ണന്റെ ആഗ്രഹിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. സി. എബ്രഹാം: റിപ്പോർട്ടുകിട്ടിയിട്ട് വളരെക്കാലമായിട്ടും ശുപാർശ നടപ്പിൽവരുത്താൻ താമസിക്കുന്നതിന്റെ കാരണം എന്താണ്?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: നടപ്പിൽവരുത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. സി. എബ്രഹാം: പരിശ്രമങ്ങളുടെ സ്വഭാവം എന്താണ്?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: ഓരോ ജില്ലയിലെയും എം. എൽ. എ.മാരുമായി ചർച്ചനടത്തുക; ഗവണ്മെന്റുലെവലിൽ ചർച്ചനടത്തുക; ഹൈക്കോടതിയുടെ അഭിപ്രായം ആരായുക; ഹൈക്കോടതി വല്ല നിന്നാഭിപ്രായങ്ങളും അറിയിച്ചാൽ അതു സ്പെഷ്യൽ ആഫീസറുടെ ശ്രദ്ധയിൽപ്പെടുത്തുക; അതിന്മേൽ അദ്ദേഹത്തിന്റെ അഭിപ്രായം ആരായുക; അതിനുശേഷം തീരുമാനം എടുക്കുക ഇതാണ് ഇതിന്മേൽ സ്വീകരിക്കാവുന്ന നടപടികൾ.

പിൻവലിച്ച ക്രിമിനൽ കേസ്സുകൾ.

✻ 1500. [11] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം വിചാരണയിൽ ഇരുന്ന എത്ര ക്രിമിനൽ കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്;

(ബി) 1957-58-ൽ പിൻവലിച്ചതെത്ര;

(സി) 1958-59-ൽ പിൻവലിച്ചവയെത്ര;

(ഡി) ഗവണ്മെന്റ് പിൻവലിക്കാൻ ഉത്തരവിട്ടിട്ടും, പിൻവലിക്കാൻ കോടതി അനുവാദം നിഷേധിച്ചു, വിചാരണ തുടർന്നു നടന്ന കേസ്സുകൾ എത്ര;

(ഇ) പിൻവലിക്കാൻ ഉത്തരവിട്ടതിനുശേഷം, കോടതി അനുവാദം നിഷേധിച്ചു വിചാരണനടത്തി പ്രതികളെ ശിക്ഷിച്ച കേസ്സുകൾ എത്ര; ഏതെല്ലാം?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ—ഇ) ഉത്തരം തയ്യാറായിട്ടില്ല.

ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിലുണ്ടായിരുന്ന വിദ്യാലയങ്ങളിലെ ജീവനക്കാർ.

✻ 1501. [12] ശ്രീ. ഇ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക വിദ്യാഭ്യാസവും സഹകരണവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ഡിസ്ട്രിക്റ്റ്ബോർഡിന്റെ കീഴിൽനിന്നും ഗവണ്മെന്റും ഏറ്റെടുത്ത വിദ്യാലയങ്ങളിലെ ഏതെങ്കിലും ജീവനക്കാരെ പിരിച്ചുവിടാൻ കല്പനയായിട്ടുണ്ടോ;

(ബി) ഡിസ്ട്രിക്റ്റ്ബോർഡു പ്രസിഡന്റിനു നിയമപ്രകാരം ബോർഡു ജീവനക്കാരെ നിയമിക്കുന്നതിനു അധികാരം ഉണ്ടായിരുന്നു എന്നതു ശരിയാണോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഉണ്ട്; മതിയായ യോഗ്യതയില്ലാത്തവരും, താൽക്കാലികമായ വ്യവസ്ഥയിൽ പ്രസിഡന്റ് നിയമിച്ചിരുന്നവരുമായ അദ്ധ്യാപകന്മാരെ പിരിച്ചുവിടാൻ കല്പനയുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly